# കാലം മായ്ക്കാത്ത ഓർമ്മകൾ

സ്വാതന്ത്ര്യ സമര സേനാനിയും കോണ്ഗ്രസ് നേതാവും പൌര പ്രമുഖനുമായിരുന്ന നാട്ടുകാരുടെ “വടക്കെതൊടീലെ അയമുട്ടികാക്ക” കുട്ടികൾക്ക് പ്രിയപ്പെട്ട സ്വന്തം “പാപ്പ” ആയിരുന്നു. കുഞ്ഞാൻ സാഹിബിന്റെ മകൻ അബ്ദുറഹിമാൻ കുട്ടി - കൊട്ടേക്കാട്ട് കുഞ്ഞിക്കദിയ ദമ്പതികളുടെ മൂത്ത മകനായിരുന്നു മുഹമ്മദ് കുട്ടി സാഹിബ് 1899-ൽ ജനിച്ചു 1996-ൽ മരിക്കുമ്പോൾ 97 വയസ്സുണ്ടായിരുന്നു.

ചെറുപ്പം മുതൽ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു വന്ന സാഹിബ്, 1935 മുതൽ 1952-ൽ സ്വയം രാജി വെക്കും വരെ ഇന്ത്യൻ നാഷണൽ കോണ്ഗ്രസിന്റെ സജീവ പ്രവർത്തകനായിരുന്നു. ഈ കാലയളവിൽ അദ്ദേഹം നിരവധി മർദ്ധനങ്ങൾക്ക് വിധേയനായിട്ടുണ്ട്. “സ്വതന്ത്ര ഭാരത” പത്രത്തിന്റെ ഏജന്റായതിന്, “യതീന്ദ്ര ദാസ്” എന്ന പുസ്തകം കൈവശം വെച്ചതിന് തുടങ്ങി പല കാരണങ്ങൾക്കും അദ്ദേഹം കസ്റ്റടിയിൽ പോയിട്ടുണ്ട്.

തന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കൊപ്പം മലബാർ ഹോൾ സെയിൽ കോ-ഓപറെറ്റീവ് സ്റ്റോർ, ജില്ല കോ-ഓപറെറ്റീവ് ബാങ്ക് വേങ്ങര കോ-ഓപറെറ്റീവ് സ്റ്റോർ കോട്ടക്കൽ പി സി സി സൊസൈറ്റി മലബാർ പി സി സി ഫെഡറെഷൻ മഞ്ചേരി കോ-ഓപറെറ്റീവ് യൂണിയൻ തുടങ്ങിയവയിൽ ഡയരക്റ്ററോ പ്രസിഡന്റോ ആയിരിന്നിട്ടുണ്ട് അദ്ദേഹം. 1988-ൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തത്തിനു സർക്കാർ അദ്ധേഹത്തെ താമ്ര പത്രം നൽകി ആദരിച്ചിട്ടുണ്ട്.

മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന കാലത്ത് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ തടഞ്ഞുവെക്കുകയും പിൽകാലത്ത് E അഹമ്മദ് സാഹിബ് (താനൂർ MLA ആയിരുന്നപ്പോൾ) ഇടപെട്ട് പുന:സ്ഥാപിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട് E മൊയ്തു മൗലവി, EMS നമ്പൂതിരിപ്പാട്, അസൈനാർ കുട്ടി താനൂർ, PMSA പൂക്കോയ ത്തങ്ങൾ, മുഹമ്മദലി ശിഹാബ് തങ്ങൾ, അവുക്കാദർകുട്ടി നഹ, ചാക്കീരി അഹമ്മദ് കുട്ടി സാഹിബ്, E അഹമ്മദ് സാഹിബ് എന്നീ രാഷ്ട്രീയ പ്രമുഖരുമായി വളരേ അടുത്ത സൗഹ്യദമുണ്ടായിരുന്നു. E മൊയ്തു മൗലവിയുമായി സ്ഥിരം കത്തിടപാടുകൾ നടത്തിപ്പോന്നിരുന്നു കോട്ടക്കൽ ആര്യവൈദ്യ ശാലയിലെ PS വാര്യരും മരുമകൻ PK വാര്യരുമായും ആത്മബന്ധം നിലവിലുണ്ടായിരുന്നു ഇടക്കാലത്ത് മലബാർ ഡിസ്ട്രിക് ബോഡിലേക്ക് കോൺഗ്രസ്സിന് വേണ്ടി മത്സരിക്കുകയും ചെയ്തിരുന്നു.

കേരള ഖാദി സഹകരണ സംഘം വക (കൈ കുത്തരി സംഘം എന്ന പേരിൽ) നെല്ലു കുത്തുന്ന മില്ല് ഉണ്ടായിരുന്നു 18 സ്ഥിരം തൊഴിലാളികൾ അതിൽ ജോലി ചെയ്തിരുന്നു (ഇപ്പോൾ കോട്ടപ്പറമ്പ് ഹോട്ടൽ നില്ക്കുന്ന സ്ഥലത്ത്) അതിന് ശേഷം ഇവർ മൂന്ന് സഹോദര മാരും (അനുജന്മാരായ ഹസ്സൻ ഹാജിയും കുഞ്ഞി മായിൻഹാജിയും) കൂടി നിലമ്പൂരിനപ്പുറം ചുങ്കത്തറയിൽ പോകുകയും അവിടെ മറ്റൊരു മില്ല് ആരംഭിക്കുകയും ചെയ്തു. അതു കൂടാതെ അവിടെ സ്ഥലം വാങ്ങി കൃഷി നടത്തുകയും ചെയ്തിരുന്നു, ഇന്ന് ചുങ്കത്തറ എന്ന സ്ഥലത്തേ 95% തെങ്ങുക കളും നമ്മുടെ നാട്ടിൽ നട്ടുണ്ടാക്കിയ തൈ വെച്ചുണ്ടാക്കിയതാണ്, അന്നൊക്കെ കുറഞ്ഞത് ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും തെങ്ങിൻ തൈ കൊണ്ട് പോകും ഇതെല്ലാം നോക്കി

നടത്തിയിരുന്നത് അനുജൻ ഹസ്സൻ ഹാജിയായിരുന്നു'. അത് കൊണ്ട് തന്നെ ആ നാട്ടിൽ അദ്ധേഹത്തിന് വലിയ സ്വാധീനവും സ്വീകാര്യതയും ഉണ്ടായിരുന്നു. അന്ന് ഇവർ കൃഷിക്കായി വാങ്ങിയ സ്ഥലത്താണ് ഇന്ന് കാണുന്ന മാർത്തോമ കോളേജും ആശുപത്രിയും നിലകൊള്ളുന്നത്.

കല്ലും മുള്ളും നിറഞ്ഞ ജീവിത വഴികളിലും ചുണ്ടത്തെ മായാത്ത പുഞ്ചിരിയുമായിട്ടായിരുന്നു സർവ്വരെയും അദ്ദേഹം അഭിമുഖീകരിച്ചത്. നമുക്ക് പരിചിതമായ ആ വലിയ മനുഷ്യൻ തന്റെ സ്വന്തം മകനെ പോലത്തന്നെ സഹോദരങ്ങളുടെ മക്കളെയും പേര മക്കളെയും തന്റെ ചുറ്റിലും ചേർത്ത് നിർത്തിയിരുന്നു. നമ്മൾ സ്വന്തം വീട്ടിലേക്കും, ബെഡ്റൂമിലെക്കും ചുരുങ്ങിയ ഈ കാലത്ത് നിന്ന് നോക്കുമ്പോഴാണ് അന്നത്തെ ആ വിശാല സ്നേഹത്തിന്റെ ആഴം മനസ്സിലാവുക.

കുടുംബത്തിലെ സർവ്വരെയും കൂട്ടി യാത്രകൾ പോകുമായിരുന്നു അദ്ദേഹം, യാത്ര ആസ്വദിക്കുന്ന കുട്ടികൾ അദ്ദേഹത്തിനു വലിയ സന്തോഷമായിരുന്നു. പഠനത്തിൽ മിടുക്ക് കാണിക്കുന്നവരേയും പഠിച്ചു ജോലി വാങ്ങിയവരെയും വലിയ ബഹുമാനമായിരുന്നു. ജീവിതത്തിൽ അവരെ പകർത്താനും പറയുമായിരുന്നു.

അന്ന് വീട്ടിൽ വരാത്ത ആനുകാലികങ്ങൾ കുറവായിരുന്നു. പ്രബോധനം, ആരാമം, സോവിയറ്റ് നാട് തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വീട്ടിൽ വരുത്തിയിരുന്ന പരന്ന വായനക്കാരനായിരുന്ന സാഹിബിന്റെ ഗ്രന്ധ ശേഖരത്തിൽ, ഖുർആൻ പരിഭാഷകളും സ്വഹീഹ് ബുഖാരിയും ഉണ്ടായിരുന്നു. തനിക്കു ലഭിച്ച അറിവുകൾ മറ്റുള്ളവരിലേക്ക് കൂടി പകർന്നു നൽകുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

കുട്ടികളോട് കൂടുതൽ അടുപ്പം കാണിച്ചിരുന്ന സാഹിബ്, പെൻഷൻ കിട്ടിയാലുടൻ കുട്ടികളെ കൂട്ടി അങ്ങാടിയിൽ പോയി അവർക്ക് ഹോട്ടൽ ഭക്ഷണവും മധുര പലഹാരങ്ങളും വാങ്ങി നൽകുമായിരുന്നു.
അവരുടെ സ്നേഹത്തിന്റെ ആഴം വാക്കുകൾക്കതീതമാണ്, ഞങ്ങൾക്കോരോരുത്തർക്കും നൽകിയിരുന്ന പരിഗണന വിവരണാധീതമാണ്. ഓരോരുത്തർക്കും പറയാൻ വ്യത്യസ്ഥ അനുഭവങ്ങളുണ്ടാവും. അവരെക്കുറിച്ചെഴുതുമ്പോൾ കണ്ണ് നിറയാതെ വരികൾ പൂരത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. മൺമറഞ്ഞു 27 വർഷങ്ങൾ കഴിഞ്ഞിട്ടും ആ സ്നേഹ നിധിയെ കുറിച്ച് ഓർക്കാത്ത ദിനങ്ങൾ വിരളമായിരിക്കും.

വടക്കെതൊടിയിലെ വീട് അന്നത്തെ കാലത്ത് ഒരു നാട്ടു കോടതി കൂടിയായിരുന്നു, പലരും ആവലാതിയും പരാതിയും കൊണ്ട് വടക്കെതൊടിയിൽ വരികയും അതെല്ലാം സസൂഷ്മം കേട്ട് പരിഹരിച്ച് കൊടുക്കുകയും ചെയ്തിരുന്നു.

വൈകുന്നേരങ്ങളിലെ നിത്യ സന്ദർശകരിൽ പറമ്പൻ മുഹമ്മദ് മാസ്റ്റർ, കൂനാരി മൊയ്തീൻ ഹാജി, പുത്തൻവീട്ടിൽ മൊയ്തീൻ കാക്ക, ആലുങ്ങൽ അയമ്മൂട്ടി പാപ്പ, കുഞ്ഞാലൻ മാസ്റ്റർ, തൂമ്പത്ത് അയമു മാസ്റ്റർ, എന്നിവരൊക്കെ വൈകുന്നേര സന്ദർശകരായി ഉണ്ടാകുമായിരുന്നു.

ഇടക്ക് ഒരാളെ പ്പറ്റിപറയാൻ മറന്നു പോയി, മിക്ക ദിവസങ്ങളിലും രാവിലെ കളിൽ (ചെറുപ്പത്തിലേ മരിച്ചു പോയ) കോട്ടാട്ടിലേ കുഞ്ഞി മായിൻ കാക്ക കിഴക്കേ പൂമുഖത്ത് തൂണിനരികേ കുത്തിയിരിക്കുന്നുണ്ടാകും.

ഇദ്ധേഹത്തിന്റെ ഭാര്യ അമ്പലവൻ വാരിയത്ത് കുഞ്ഞിപ്പോക്കരുടെ മകൾ പാത്തുമ്മ എന്നവരായിരുന്നു. (അന്നത്തെ കാലത്ത് അഞ്ചാം ക്ലാസ് വരേ പഠിച്ച പെൺകുട്ടികളിൽ ആദ്യത്തേ ആളായിരുന്നു) അക്കാലത്ത് പാലാണിപ്പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു കശപിശ ഇരു തറവാട്ടുകാർക്കമിടയിൽ നിലനിന്നിരുന്നു ഈ കല്യാണം നടന്നത് കൊണ്ട് ആ കലഹം തീരുകയും ഇരുകൂട്ടരും ഐക്യപ്പെടുകയും ഉണ്ടായി.

മരിക്കുന്നതിന്റെ രണ്ട് വർഷം മുമ്പാണത്, 1994 ലെ SSLC ഫല പ്രഖ്യാപന ദിനം, എന്റെ വിജയ വാർത്ത അറിയിക്കാൻ കയ്യിലുയർത്തി പിടിച്ച പത്രവുമായി വീട്ടിലേക്ക് ഓടി വരുന്ന അ ദൃശ്യം! എന്റെ വിജയത്തിൽ എന്നെക്കാൾ സന്തോഷിച്ചത് അവരായിരിക്കണം, അതിന്നും ഓർമയിൽ നിന്ന് മാഞ്ഞിട്ടില്ല. പിന്നീട് എത്രയോ വിജയങ്ങൾ ഉണ്ടായി, അഭിനന്ദിക്കാൻ പക്ഷെ അവരുണ്ടായിരുന്നില്ല. പുതു തലമുറയിലെ കുട്ടികൾക്ക് ആ വല്യുപ്പാനെ കുറിച്ചറിയാൻ ഓരു ചെറിയ ശ്രമം നടത്തിയതാണ്. പറഞ്ഞാൽ അവസാനിക്കില്ല അവരുടെ വിശേഷങ്ങൾ, നാളെ ജന്നാത്തുൽ ഫിർദൌസിൽ അവരോടൊപ്പം നമ്മെയും ഒരുമിച്ച് കൂട്ടട്ടെ എന്ന പ്രാർത്ഥനയോടെ.

***അബ്ദുറഹിമാൻ തേക്കിൻകാട്ടിൽ (കുഞ്ഞുട്ടി)***